# മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: കേരള വാട്ടർ അതോറിറ്റി - ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കളുടെ വാട്ടർ ചാർജ് സംബന്ധിച്ച 17.12.2009-ലെ ഉത്തരവ് പരിഷ്കരിക്കുന്നത് - സംബന്ധിച്ച്

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## കേരള വാട്ടർ അതോറിറ്റി

No.KWA/HO/RMC/R2/1080/2008 തീയതി, 13.02.2019

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

സൂചന: 17.12.2009-ലെ മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം നമ്പർ. No.KWA/HO/RMC/R2/2009

## ഉത്തരവ്

കേരള വാട്ടർ അതോറിറ്റി 15 KL-ൽ താഴെ പ്രതിമാസ ഉപഭോഗമുള്ള ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുന്ന ഉപഭോക്താക്കൾക്ക് സൗജന്യമായാണ് കുടിവെള്ളം നൽകിവരുന്നത്. ഇത് സംബന്ധിച്ച് 17.12.2009-ൽ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം BPL റേഷൻ കാർഡിൽ ഗൃഹനാഥൻ/ഗൃഹനാഥ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ പേരിൽ നിലനിൽക്കുന്നതോ അപേക്ഷിക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്കും അല്ലെങ്കിൽ BPL റേഷൻ കാർഡിൽ ഗൃഹനാഥൻ/ഗൃഹനാഥ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും അവരിൽ ആരെങ്കിലും ഒരാളുടെ പേരിൽ നിലനിൽക്കുന്നതോ അപേക്ഷിക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്കും ബി.പി.എൽ. ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നതാണ്. എന്നാൽ ബി.പി.എൽ. കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റു കുടുംബാംഗങ്ങളുടെ പേരിൽ നില നിൽക്കുന്നതോ അപേക്ഷിക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്ക് ഈ വ്യവസ്ഥ ബാധകമായിരിക്കില്ല എന്ന് നിഷ്കർഷിച്ചിരുന്നു.

കേരള സർക്കാർ 2017 മുതൽ (ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം) പുതിയ റേഷൻ കാർഡ് നൽകി വരുന്നത് വീട്ടിലെ മുതിർന്ന വനിതാ അംഗത്തിന്റെ പേരിലാണ്. ഈ കാർഡിൽ ഗൃഹനാഥൻ/ഗൃഹനാഥ ആരാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. സൂചനയിലെ ഉത്തരവിൽ ബി.പി.എൽ. റേഷൻ കാർഡിൽ ഗൃഹനാഥൻ/ഗൃഹനാഥ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ പേരിൽ നില നിൽക്കുന്നതോ അപേക്ഷിക്കുന്നതോ ആയ കണക്ഷനുകൾക്കാണ് ബി.പി.എൽ. ആനുകൂല്യം നൽകുവാൻ നിഷ്കർഷിച്ചിരുന്നത്. ഇത് മൂലം ഒട്ടനവധി ഉപഭോക്താക്കൾക്ക് മുൻഗണനാ വിഭാഗക്കാർക്കുള്ള ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതികൾ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂചന ഉത്തരവിലെ ഖണ്ഡിക 2 താഴെപ്പറയും പ്രകാരം പരിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉത്തരവാകുന്നു.

മുൻഗണനാ (അന്ത്യോദയ അന്നയോജന (AAY), പ്രയോറിറ്റി) എന്നീ വിഭാഗത്തിൽപെട്ട കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കുടുംബാംഗങ്ങളിൽ ആരുടെയെങ്കിലും ഒരാളുടെ പേരിൽ നിലനിൽക്കുന്നതോ അപേക്ഷിക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്ക് പ്രസ്തുത ആനുകൂല്യം നൽകാവുന്നതാണ്. ഇപ്രകാരം ആനുകൂല്യം നൽകുമ്പോൾ ഒരു മുൻഗണനാ വിഭാഗം റേഷൻ കാർഡ് പ്രകാരം ഒരു കണക്ഷന് മാത്രമേ ഈ ആനുകല്യം നല്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തേണ്ടതാണ് . ആയതിലേക്കായി ഈ ആനുകൂല്യം നൽകുന്ന കൺസ്യൂമറുടെ ലഡ്ജറിൽ(അബാക്കസ്) റേഷൻ കാർഡ് നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത ആനുകൂല്യത്തിന് അപേക്ഷിക്കേണ്ട തീയതി, 28.02.2019 വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. സൂചനയിലെ ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങളെല്ലാം അതേപടി നിലനിൽക്കുന്നതായിരിക്കും.

ഒപ്പ്
മാനേജിംഗ് ഡയറക്ടർ

മേഖലാ ചീഫ് എഞ്ചിനീയർമാർ/
എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

പകർപ്പ്: PA to MD/PA to TM/CA to FM&CAO/Secretary/IA/File
പകർപ്പ്: DBA for publishing in official website and making necessary provision in abacus to capture Ration Card number
പകർപ്പ്: PRO for information and necessary action

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്